ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.05.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരതയോടും മാവോയിസ്റ്റുകളോടും വിട്ടുവീഴ്ച്ചയില്ലാത്ത നിലപാടാണ് കേന്ദ്ര സർക്കാരിനുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി

   **Prime Minister Narendra Modi Narendra Modi has said that his government follows a policy of zero tolerance, be it terrorism or Maoist elements spreading unrest.**

2. അതിർത്തി കടന്ന് നടത്തിയ ഭീകരതയ്ക്ക് രാജ്യം നൽകിയ ഏറ്റവും വലിയ തിരിച്ചടിയാണ് ഓപ്പറേഷൻ സിന്ദൂറെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ

   **Home Minister Amit Shah says Operation Sindoor is the biggest setback the country has given to cross-border terrorism**

3. നയതന്ത്ര ചർച്ചകൾക്കായി നിയോഗിച്ച ഇന്ത്യൻ പ്രതിനിധി സംഘങ്ങളുടെ പര്യടനം വിവിധ രാജ്യങ്ങളിൽ പുരോഗമിക്കുന്നു. മൂന്ന് സംഘങ്ങൾ നാളെ യാത്ര തിരിക്കും

The tour of Indian delegations sent for diplomatic talks is progressing in various countries. Three teams will leave tomorrow

4. കേരള സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് സമാപനമായി, പശ്ചാത്തല സൗകര്യ വികസനത്തിനും സാമൂഹ്യ ക്ഷേമത്തിനും തുല്യ പ്രാധാന്യമാണ് സംസ്ഥാന സർക്കാർ നൽകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

Chief Minister Pinarayi Vijayan, concluding the fourth anniversary celebrations of the Kerala government, said that the state government is giving equal importance to infrastructure development and social welfare

5. ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ കോവിഡ് കേസുകൾ വലിയ തോതിൽ റിപ്പോർട്ട് ചെയ്യുന്നതിനാൽ സംസ്ഥാനത്ത് നിരീക്ഷണം ശക്തമാക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

Health Minister Veena George said that surveillance should be strengthened in the state as Covid cases are being reported in large numbers in South East Asian countries.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.

Royal Challengers Bangalore and Sunrisers Hyderabad clash in IPL cricket today.

&&&&&&&&&&&&&&&&&&

## PM NORTHEAST SUMMIT(INTRO)

¬ ഭീകരതയോടും മാവോയിസ്റ്റുകളോടും, വിട്ടുവീഴ്ച്ചയില്ലാത്ത നയമാണ് കേന്ദ്ര സർക്കാർ പിന്തുടരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ന്യൂഡൽഹിയിൽ റൈസിംഗ് നോർത്ത് ഈസ്റ്റ് നിക്ഷേപക ഉച്ചകോടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ രാജ്യത്തിന്റെ എല്ലാ കോണിലും വികസനം എത്തേണ്ടതുണ്ടെന്നും വടക്കു കിഴക്കൻ മേഖലയുടെ വികസനത്തിന് അതിൽ നിർണായക സ്ഥാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ 11 വർഷത്തിനിടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വലിയ തോതിലുള്ള വികസനമാണ് ഉണ്ടായതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

(ഹോൾഡ്)

വടക്കുകിഴക്കൻ മേഖലയെ അവസരങ്ങളുടെ നാടായി ഉയർത്തിക്കാട്ടുന്നതിനും, ആഗോള- ആഭ്യന്തര നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമാണ് രണ്ട് ദിവസത്തെ റൈസിംഗ് നോർത്ത് ഈസ്റ്റ് നിക്ഷേപക ഉച്ചകോടി ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&

## AMIT SHAH BSF(INTRO)

അതിർത്തി കടന്ന് നമ്മുടെ മണ്ണിൽ നടത്തിയ തീവ്രവാദത്തിന് രാജ്യം നൽകിയ ഏറ്റവും വലിയ മറുപടിയാണ് ഓപ്പറേഷൻ സിന്ദൂരെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. പഹൽഗാം ആക്രമണത്തിനുള്ള തക്കതായ മറുപടിയാണ് ഇന്ത്യ നൽകിയത്. സർക്കാരിന്റെ ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തി, രഹസ്യാന്വേഷണ ഏജൻസികൾ നൽകുന്ന കൃത്യതയാർന്ന വിവരങ്ങൾ, സായുധ സേനയുടെ പ്രഹരശേഷി എന്നിവയാണ് ഓപ്പറേഷൻ സിന്ദൂരിന്റെ വിജയത്തിന് കാരണമെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ബി.എസ്.എഫിൻറെ സൈനിക ബഹുമതിദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദഹം. ലോകം മുഴുവൻ ഇന്ത്യൻ സായുധ സേനയുടെ ധീരതയേയും കർമ്മശേഷിയേയും പ്രശംസിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&

## DAY ALL PARTY DELEGATION VISIT

നയതന്ത്ര ചർച്ചകൾക്കായി നിയോഗിച്ച ഇന്ത്യൻ പ്രതിനിധി സംഘങ്ങളുടെ പര്യടനം വിവിധ രാജ്യങ്ങളിൽ പുരോഗമിക്കുന്നു. ജെഡി(യു) എം‌പി സഞ്ജയ് ഝായുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ സർവകക്ഷി സംഘം ഇന്ന് ജപ്പാനിലെ ടോക്കിയോയിൽ മുൻ നീതിന്യായ മന്ത്രി മുൻ

പ്രതിരോധ മന്ത്രി തുടങ്ങിയവരുമായി കൂടിക്കാഴ്ച നടത്തി. ടോക്കിയോയിൽ ബ്രസീൽ, ഓസ്ട്രേലിയ, കൊളംബിയ, ഗ്രീസ്, ദക്ഷിണ കൊറിയ എന്നിവിടങ്ങളിലെ അംബാസഡർമാരുമായും നയതന്ത്രജ്ഞരുമായും സംഘം ആശയ വിനിമയം നടത്തി. ലോകത്തിലെ എല്ലാ തീവ്രവാദ പ്രവർത്തനങ്ങൾക്കും പാകിസ്ഥാനുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് ശ്രീ. ഝാ പറഞ്ഞു.

ഡിഎംകെ എംപി കനിമൊഴി യുടെ നേതൃത്വത്തിലുള്ള മറ്റൊരു ബഹുകക്ഷി സംഘം ഇന്ന് മോസ്കോയിലെത്തി. ഇന്ത്യ-റഷ്യ ബന്ധത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് റഷ്യയിലെ ഇന്ത്യൻ അംബാസഡർ വിനയ് കുമാർ വിശദീകരിച്ചു. സംഘം സ്പെയിൻ, ഗ്രീസ്, സ്ലൊവേനിയ, ലാത്വിയ എന്നീ രാജ്യങ്ങളും സന്ദർശിക്കും.

ശിവസേന എംപി ഡോ. ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള സംഘം ഇന്നലെ അബുദാബിയിലെത്തി. ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ഉറച്ച നിലപാട് യുഎഇ നേതൃത്വവുമായും മാധ്യമങ്ങളുമായും സംഘം വിശദീകരിച്ചു.

&&&&&&&&&&&&&&&&&

## FOREIGN SECY BRIEFING

ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട നയതന്ത്ര ചർച്ചകൾക്കായി മൂന്ന് സർവകക്ഷി സംഘങ്ങൾ നാളെ യാത്ര തിരിക്കും. ശശി തരൂർ, ബൈജയന്ത് പാണ്ഡ, സുപ്രിയ

സുലേ എന്നിവരുടെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘങ്ങളാണ് നാളെ പുറപ്പെടുക. യുഎസ്, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങളിലാണ് ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശനം നടത്തുക. ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിലുള്ള സംഘം സൗദി, കുവൈറ്റ്, ബഹ്റൈൻ, അൾജീരിയ എന്നീ രാജ്യങ്ങളും, സുപ്രിയാ സുലേ നയിക്കുന്ന സംഘം ഈജിപ്റ്റ്, ഖത്തർ, എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളും സന്ദർശിക്കും. രവിശങ്കർ പ്രസാദിൻറെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം മറ്റന്നാൾ വിദേശ പര്യടനം ആരംഭിക്കും. യുകെ, ഫ്രാൻസ്, ജർമനി, യൂറോപ്യൻ യൂണിയൻ, ഇറ്റലി, ഡെന്മാർക്ക് എന്നീ രാജ്യങ്ങളിലാണ് സംഘം നയതന്ത്ര പര്യടനം നടത്തുക.

&&&&&&&&&&&&&&&&&

## ENTE KERALAM

പശ്ചാത്തല സൗകര്യ വികസനത്തിനും സാമൂഹ്യ ക്ഷേമത്തിനും തുല്യ പ്രാധാന്യം നൽകുന്ന സർക്കാരാണ് കേരളത്തിലേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളന ഉദ്ഘാടനവും നാല് വർഷത്തെ പ്രവർത്തനങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനവും തിരുവനന്തപുരത്തെ പുത്തരിക്കണ്ടം മൈതാനിയിൽ അദ്ദേഹം നിർവഹിച്ചു. കഴിഞ്ഞ മാസം 21ന് കാസർഗോഡ്

നിന്ന് തുടക്കം കുറിച്ച വാർഷികാഘോഷങ്ങൾക്കാണ് ഇന്ന് സമാപനമായത്.

&&&&&&&&&&&&&&&&&

**JAISHANKAR BERLIN**

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ബെർലിനിൽ ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസുമായി കൂടിക്കാഴ്ച നടത്തി. ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ നടപടികൾക്കുള്ള ജർമ്മനിയുടെ പിന്തുണയ്ക്ക് അദ്ദേഹം നന്ദി അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര പങ്കാളിത്തം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച നടത്തി. പ്രതിരോധശേഷിയും വിശ്വാസവും ശക്തിപ്പെടുത്തുന്നതിന് ജർമ്മനിയും ഇന്ത്യയും ഒരുമിച്ച് പ്രവർത്തിക്കുമെന്ന് ചർച്ചകൾക്ക് ശേഷം അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**ASWANI VAISHANAV**

നൂതന സാങ്കേതികവിദ്യയുടെ വികാസത്തോടെ വന്ദേ ഭാരത്, നമോ ഭാരത് പോലുള്ള ട്രെയിനുകൾ പുറത്തിറക്കുന്നതിൽ റെയിൽവേ സ്വയംപര്യാപ്തത കൈവരിക്കുകയാണെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ബീഹാറിലെ ജമൽപൂരിൽ നടന്ന ചടങ്ങിൽ 350 കോടി രൂപയുടെ റെയിൽവേ വികസന പദ്ധതിക്ക് ശ്രീ വൈഷ്ണവ് തുടക്കം

കുറിച്ചു. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ രാജ്യം 50,000 കിലോമീറ്റർ റെയിൽവേ ശൃംഖല വൈദ്യുതീകരിച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&

## COVID–VEENA GEORGE

ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ കോവിഡ് കേസുകൾ വലിയ തോതിൽ റിപ്പോർട്ട് ചെയ്യുന്നതിനാൽ സംസ്ഥാനത്ത് നിരീക്ഷണം ശക്തമാക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കോവിഡ് കേസുകളുടെ വർധനവ് കണ്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും ജില്ലകൾ കൃത്യമായി കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യണമെന്നും മന്ത്രി നിർദേശം നൽകി. 273 കോവിഡ് കേസുകളാണ് മേയ് മാസത്തിൽ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

&&&&&&&&&&&&&&&&&

## RAIN –KERALA

സംസ്ഥാനത്ത് അടുത്ത ഏഴ് ദിവസം വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അതീതീവ്ര മഴയ്ക്കുള്ള സാധ്യത പരിഗണിച്ച് കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. 9 ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ

ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. അടുത്ത 2 ദിവസത്തിനുള്ളിൽ സംസ്ഥാനത്ത് കാലവർഷം എത്തിച്ചേരും. കേരള-കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യതൊഴിലാളികൾ കടലിൽ പോകരുതെന്ന് നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&

**THRISSUR –RAIN**

തൃശ്ശൂരിൽ ശക്തമായ കാറ്റിലും മഴയിലും കോർപ്പറേഷനു മുന്നിൽ റോഡിലേക്ക് ഇരുമ്പ് മേൽക്കൂര മറിഞ്ഞുവീണു. തൃശ്ശൂർ മുൻസിപ്പൽ സ്റ്റാൻഡിനു മുന്നിൽ ഗതാഗതം സ്തംഭിച്ചു. മേൽക്കൂര മാറ്റാൻ ഫയർഫോഴ്സ് നടപടി തുടങ്ങി.

&&&&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം . ടോസ് നേടിയ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ബൗളിംഗ് തിരഞ്ഞെടുത്തു. ലഖ്നൗവിലാണ് മത്സരം .

&&&&&&&&&&&&&&&&&&

**MALAYSIA MASTERS BADMINTON**

മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത് സെമിഫൈനലിൽ പ്രവേശിച്ചു. ക്വാർട്ടറിൽ ഫ്രാൻസിന്റെ

ടോമ ജൂനിയർ പോപോവിനെ പരാജയപ്പെടുത്തിയാണ് ശ്രീകാന്തിന്റെ സെമി പ്രവേശം. നാളെ നടക്കുന്ന സെമിയിൽ ശ്രീകാന്ത് ജപ്പാന്റെ യുഷി തനകയെ നേരിടും.

&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 -ാാം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്രമോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും അറിയിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

&&&&&&&&&&&&&&&&&

## IRANIAN FOREIGN MINISTRY

ഇറാൻ യുറേനിയം സമ്പുഷ്ടീകരണം അവസാനിപ്പിക്കണമെന്ന് അമേരിക്ക ആവശ്യപ്പെട്ടാൽ ആണവ കരാർ ഉണ്ടാകില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരഗ്ചി പറഞ്ഞു. റോമിൽ നടക്കുന്ന ഇറാൻ-യുഎസ് അഞ്ചാം റൗണ്ട് പ്രതിനിധിതല ആണവ ചർച്ചകൾക്ക് മുന്നോടിയായാണ് പ്രസ്താവന. ടെഹ്റാൻ യുറേനിയം സമ്പുഷ്ടീകരണം പൂർണ്ണമായും നിർത്തണമെന്ന യുഎസിൻറെ ആവശ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു

അദ്ദേഹം. വാഷിംഗ്ടണിന്റെ ലക്ഷ്യം ഇതാണെങ്കിൽ, ഒരു കരാറും സാധ്യമാകില്ലെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## NIA – MANIPUR

മണിപ്പൂരിൽ, ആഭ്യന്തര കലാപം സംബന്ധിച്ച കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക എൻഐഎ കോടതിയെ കേന്ദ്രസർക്കാർ ചുമതലപ്പെടുത്തി. മണിപ്പൂർ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായുള്ള കൂടിയാലോചനകൾക്ക് ശേഷമാണ്, ചുരാചന്ദ്പൂർ ജില്ലയിലെ സെഷൻസ് കോടതിയെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇതിനായി നിയോഗിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&
&&&&
&&&
&&
&